ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബോർഡ് തലത്തിൽ പരിഗണിച്ചു വരുന്നു.

(ഡി) 104 ജീവനക്കാർ ഉണ്ടായിരുന്നു. ഇപ്പോൾ 44 പേർ ഉണ്ട്.

(ഇ) ഇതിന്മേൽ അന്തിമ തീരുമാനം ആയിട്ടില്ല.

65 (1717) കണ്ണൂർ ജില്ലയിലെ ധർമ്മടം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ധർമ്മടം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഇ.എസ്.ഐ. സ്കീമിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

66 (1719) ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ലേബർ കോടതി കേസ്സുകൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ലേബർ കോർട്ട് എന്നിവയിൽ ഇപ്പോൾ എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) ഇതിൽ ഒരു വർഷത്തിലധികം പഴക്കമുള്ള എത്ര കേസ്സുകൾ ഉണ്ട്;

(സി) ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ലേബർ കോർട്ട് എന്നീ സ്ഥാപനങ്ങളിൽ കേസ് തീർപ്പ് കല്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ത്വരിതപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 4292 കേസ്സുകൾ

(ബി) 2867 കേസ്സുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) കേസ്സ് തീർപ്പ് കല്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നിലവിലുള്ള വ്യവസായ തർക്ക നിയമത്തിൽ ബന്ധപ്പെട്ട സെക്ഷന്റെ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II ചരമോപചാരം

തകഴി ശിവശങ്കരപ്പിള്ള, പി.വി. കുഞ്ഞിക്കണ്ണൻ, ജോർജ് ജോസഫ് മുണ്ടയ്ക്കൽ, എം.പി. ചന്ദ്രശേഖരപിള്ള, എം. ഭാസ്കരൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച്.

തകഴി ശിവശങ്കരപിള്ള

[9.30 AM] മി. സ്പീക്കർ : മലയാളത്തിന്റെ മഹാനായ കഥാകാരൻ തകഴി ശിവശങ്കരപ്പിള്ള നിര്യാതനായി. മലയാള സാഹിത്യത്തെ ലോക സാഹിത്യത്തിന്റെ മുൻനിരയിലേയ്ക്ക് കൈപിടിച്ചുയർത്തിയ സർഗ്ഗധനനായ കഥാകാരനായിരുന്നു തകഴി ശിവശങ്കരപ്പിള്ള. അദ്ദേഹം പറഞ്ഞത് ഇവിടത്തെ മണ്ണിന്റെയും അതിൽ പണിയെടുക്കുന്ന പച്ചയായ മനുഷ്യരുടെയും കഷ്ടപ്പാടുകളുടെയും ചെറുത്തുനിൽപ്പുകളുടെയും കഥകളാണ്. മനുഷ്യ ജീവിതത്തിന്റെ ആഖ്യായികാകാരനും വ്യാഖ്യാതാവുമായിരുന്നു തകഴി. കുട്ടനാടിന്റെ ഈ ഇതിഹാസകാരൻ ചിത്രീകരിച്ചത് നാളിതുവരെ സാഹിത്യത്തിന്റെ തിരുമുറ്റത്തു പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന സാധാരണക്കാരിൽ സാധാരണക്കാരുടെ ജീവിതകഥകളാണ്. സാമൂഹ്യജീവിതത്തിന്റെ പിന്നാമ്പുറത്ത് കഴിയാൻ വിധിക്കപ്പെട്ടിരുന്ന പച്ച മനുഷ്യരെ അദ്ദേഹം കഥാപാത്രങ്ങളാക്കി. താൻ ജീവിച്ച സമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും അപഗ്രഥനത്തിൽ തകഴി പ്രകടമാക്കിയ അസാമാന്യമായ ഉൾക്കാഴ്ച, ജീവനുള്ള ഒട്ടനവധി കഥാപാത്രങ്ങൾക്കും കഥാസന്ദർഭങ്ങൾക്കും ജന്മം നൽകി. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സൃഷ്ടാക്കളിൽ പ്രമുഖനായിരുന്ന തകഴിയുടെ ഈ ദിശയിലുള്ള സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. തകഴിയും പി. കേശവദേവും വൈക്കം മുഹമ്മദ് ബഷീറുമെല്ലാം വെട്ടിത്തുറന്ന പാതയിലൂടെയാണ് പിൽക്കാലത്ത് മലയാള സാഹിത്യം അതിന്റെ വിലപ്പെട്ട മുതൽക്കൂട്ടുകളുണ്ടാക്കിയത്. തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, ചെമ്മീൻ, ഔസേപ്പിന്റെ മക്കൾ, ഏണിപ്പടികൾ, അനുഭവങ്ങൾ പാളിച്ചകൾ തുടങ്ങി മുപ്പത്തി ഒൻപത് നോവലുകളും, ഇരുപത്തൊന്നു ചെറുകഥാസമാഹാരങ്ങളും, രണ്ടു നാടകങ്ങളും ഒരു യാത്രാ വിവരണവും നാലുഭാഗങ്ങളുള്ള ആത്മകഥയും ഉൾപ്പെടുന്നതാണ് തകഴിയുടെ സാഹിത്യ പ്രപഞ്ചം. തകഴിയുടെ പ്രധാനകൃതികളെല്ലാം വിദേശ ഭാഷകളിലേയ്ക്കും നിരവധി ഭാരതീയ ഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെ തേടിയെത്താത്ത ബഹുമതികളും സാഹിത്യപുരസ്ക്കാരങ്ങളുമില്ല. 1985-ൽ തകഴി, പത്മഭൂഷൺ ബഹുമതി നൽകി ആദരിക്കപ്പെട്ടു. വയലാർ അവാർഡ്, ജ്ഞാനപീഠം അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്രസാഹിത്യ അവാർഡ് എന്നിവ തകഴി എന്ന വിശ്വ സാഹിത്യകാരന് നൽകപ്പെട്ട പുരസ്കാരങ്ങളിൽ ചിലവ മാത്രമാണ്. അസമത്വവും ചൂഷണവും നിറഞ്ഞ സാമൂഹ്യ വ്യവസ്ഥിതിക്ക്

LIBRARY ARCHIVES Kerala Legislative Assembly